## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3287 25/06/2012 - ൽ മറുപടിക്ക്

### മത്സ്യവിപണന മേഖല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്:<br>„ കെ. മുരളീധരൻ:<br>„ റ്റി.എൻ. പ്രതാപൻ:<br>„ തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിപണന മേഖല നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) മത്സ്യവിപണന മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ആലുവ, നോർത്ത് പരവൂർ, തേവര, മൂവാറ്റുപുഴ, പത്തനംതിട്ട, പാങ്ങോട്, കാസർഗോഡ്, കണ്ണൂർ, നിലമ്പൂർ, ഇരിങ്ങാലക്കുട, സുൽത്താൻ ബത്തേരി, കല്പറ്റ, പള്ളുരുത്തി, മാള, തൊടുപുഴ, വൈക്കം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മറ്റു പ്രദേശങ്ങളിലും കൂടുതൽ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ? | (ബി) മത്സ്യവിപണന മേഖല നവീകരിക്കുന്നതിനായി ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതി അടങ്കൽ തുകയുടെ 90% വിഹിതം ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡും 10% വിഹിതം സംസ്ഥാന സർക്കാരും വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ